**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 348** **08-08-2023 - ൽ മറുപടിയ്ക്ക്**

**പ്രതിമുഖം ചൂരല്ലാക്കൽ റോഡ് നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഹരിപ്പാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിരുന്ന പ്രതിമുഖം ചൂരല്ലാക്കൽ റോഡിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | പ്രവൃത്തി നടക്കേണ്ട റോഡ് പാടശേഖരത്തിന്റെ മദ്ധ്യത്തിൽകൂടി ആയതിനാൽ തുടർച്ചയായി ഉണ്ടാകുന്ന മഴയും വെള്ളപ്പൊക്കവും കൂടാതെ സ്ഥല തർക്കവും പ്രവൃത്തിയുടെ നിർമ്മാണം വൈകുന്നതിന് കാരണമായി. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട 2023 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കാലാവധി ദീർഘിപിച്ച് നൽകുന്നത് പരിശോധിച്ചുവരികയാണ്. ടി തീരുമാനത്തിന് വിധേയമായി DSR 2018 പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുവാനുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള ശിപാർശ പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | പ്രവൃത്തി നടക്കേണ്ട റോഡ് പാടശേഖരത്തിന്റെ മദ്ധ്യത്തിൽകൂടി ആയതിനാൽ തുടർച്ചയായി ഉണ്ടാകുന്ന മഴയും വെള്ളപ്പൊക്കവും കൂടാതെ സ്ഥല തർക്കവും പ്രവൃത്തിയുടെ നിർമ്മാണം വൈകുന്നതിന് കാരണമായി. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട 2023 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കാലാവധി ദീർഘിപിച്ച് നൽകുന്നത് പരിശോധിച്ചുവരികയാണ്. ടി തീരുമാനത്തിന് വിധേയമായി DSR 2018 പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുവാനുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള ശിപാർശ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ